# രണ്ട് കവികൾ

## ഇ. മാധവൻ

രണ്ട് കവികൾ

ഇ. മാധവൻ

1

'ഇന്നിനി മടക്കമില്ല. ഞാനിന്ന് രാമകൃഷ്ണന്റെ വീട്ടിൽ താമസിക്കാം: കുറെ കാര്യങ്ങളുണ്ട് സംസാരിക്കാൻ.'

'അതിനെന്താ, നല്ല കാര്യല്ലേ? ഉള്ള സൗകര്യത്തിൽ കൂടാം.'

മുതിർന്ന കവിയും യുവകവിയും തമ്മിലുള്ള വർത്തമാനം വർഷങ്ങൾക്ക് മുമ്പാണ്, ഗുരുവായൂരിൽ വെച്ച്. കനിഷ്ഠൻ ഈ മാസം അശീതിയിൽ ശോഭിച്ച് നിൽക്കുന്ന പ്രൊഫ. കെ.വി. രാമകൃഷ്ണൻ. പിൻമുറക്കാർക്ക് രാമകൃഷ്ണൻ മാഷ്. മുതിർന്ന കവി, 1974 ൽ മണ്മറഞ്ഞ ഇടശ്ശേരി. ഷഷ്ഠിപൂർത്തിയിലെത്തിയ പ്രശസ്ത കവി ബാലാമണിയമ്മയെ സമാദരിക്കാൻ ഗുരുവായൂരിൽ നടത്തിയ സാഹിത്യസമ്മേളനം കഴിഞ്ഞ് എല്ലാവരും പിരിഞ്ഞുപോയിക്കൊണ്ടിരിക്കുന്നു. നേരം വൈകി, പൊന്നാനിക്കിനി ബസ്സില്ല ഇടശ്ശേരിക്ക് പോകാൻ. അത് പക്ഷേ ഒരു കാരണം മാത്രം. അദ്ദേഹത്തിന് മാഷോട് കുറേയേറെ കാര്യങ്ങൾ ചോദിച്ച് മനസ്സിലാക്കാനുണ്ട്. മനസ്സ് തികച്ചും ജിജ്ഞാസാഭരിതം. അവിടെ ചോദ്യങ്ങളുടെ വിത്തുകൾ മാഷ് തന്റെ പ്രസംഗത്തിനിടെ പാകിക്കഴിഞ്ഞിരിക്കുന്നു.

ഈ കഥ രാമകൃഷ്ണൻമാഷ് തന്നെ പറഞ്ഞുതന്നതാണ്.

'മഴുവിന്റെ കഥ'യെ പുരസ്കരിച്ചായിരുന്നു മാഷ് പ്രസംഗിച്ചത്. പ്രസിദ്ധനായ ഒരു നിരൂപകൻ ആ കവിതയാണ് നാടകീയസ്വഗതാഖ്യാനത്തിൽ (Dramatic Monologue) മലയാളത്തിലെ ലക്ഷണമൊത്തകവിത എന്ന് അഭിപ്രായപ്പെട്ടിരുന്നു. പാശ്ചാത്യസാഹിത്യത്തിലേക്ക് തന്റെ ധിഷണയുടെ വേരുകൾ ഊന്നിക്കൊണ്ട് അസന്ദിഗ്ധമായി മാഷ് ആ അഭിപ്രായത്തെ ഖണ്ഡിച്ചു. മാത്രമല്ല, അങ്ങനെയൊരു ലേബൽ ഇല്ലാത്തതുകൊണ്ട് 'മഴുവിന്റെ കഥ'യുടെ മഹത്ത്വം ഒട്ടും തന്നെ മങ്ങുന്നില്ലെന്നും മാഷ് എടുത്തു പറഞ്ഞു. മലയാളത്തിൽ ലക്ഷണമൊത്ത നാടകീയസ്വഗതാഖ്യാനം അന്വേഷിച്ചാൽ, അത് വർഷങ്ങൾക്ക് മുമ്പ് ഇടശ്ശേരി രചിച്ച 'ലവണാസുരവധത്തിലെ ഹനൂമാൻ' ആണെന്നും, പ്രസ്തുത സങ്കേതത്തിന്റെ പ്രത്യേകതകൾ വിവരിച്ചുകൊണ്ട്, മാഷ് സ്ഥാപിച്ചു. ബാലാമണിയമ്മ എന്ന കവയിത്രിയെ അത്യന്തം ആദരിക്കയും സ്നേഹിക്കയും ചെയ്യുന്ന ഇടശ്ശേരിക്ക് മാഷ് ഉന്നയിച്ച വാദം തലനാരിഴകീറി പരിശോധിച്ച് സ്വയം ബോദ്ധ്യപ്പെടേണ്ടതുണ്ടായിരുന്നു.

മാഷ് ഇടശ്ശേരിയേയും കൂട്ടി വീട്ടിലെത്തി. ശാന്തടീച്ചർ രണ്ടാൾക്കും ചായ ഉണ്ടാക്കി കൊടുത്തു. സൗഹൃദഭാഷണത്തിന് ശേഷം ഇടശ്ശേരി കാര്യത്തിലേക്ക് കടന്നു. 'അല്ലാ, താൻ പറഞ്ഞ ഈ നാടകീയ സ്വഗതാഖ്യാനം യഥാർഥത്തിലെന്താണ്?' കാവ്യം മെനയുമ്പോൾ കവി, ലക്ഷണങ്ങൾക്കും ചട്ടക്കൂടുകൾക്കും അതീതനായി ഭാവനാവിഹായസ്സിൽ വിഹരിക്കുന്നവനാണെന്ന് അറിയുന്ന മാഷ് പക്ഷേ ഇടശ്ശേരി എന്ന ജിജ്ഞാസുവിന്റെ ആകാംക്ഷ മനസ്സിലാക്കി. അദ്ധ്യാപകൻ എന്ന നിലയിൽ ഒരുത്തമ ശിഷ്യനോടുള്ള സ്നേഹവായ്പ്പും ഒരു പക്ഷേ മാഷ് അനുഭവിച്ചിരിക്കണം; തന്റെ ജ്യേഷ്ഠതുല്യനും ഗുരുവുമായ കവിയെ 'ശിഷ്യ'നായി കിട്ടുന്ന അസുലഭാവസരം!.

അഭിമുഖമായി കസേരകളിലിരുന്ന് ആ രണ്ട് കവികൾ ഹൃദയംഗമമായി കാവ്യാസ്വാദനചർച്ച തുടങ്ങി. മാഷ് ലോർഡ് ടെന്നിസന്റെ യുളീസസ് തൊട്ട് ആരംഭിച്ചു. ക്രമേണ റോബർട്ട് ബ്രൗണിങ്ങും മറ്റ് കവികളും നാടകകൃത്തുക്കളും ചർച്ചയിയേക്ക് ആനയിക്കപ്പെട്ടു. ഇതിനിടക്ക് എപ്പോഴോ അത്താഴം കഴിഞ്ഞു. വൈദ്യുതി പ്രതീക്ഷിച്ചപോലെ അസ്തമിച്ചപ്പോൾ ശാന്തടീച്ചർ ഒരു മേശവിളക്ക് ഉമ്മറത്ത് കൊളുത്തി വെച്ചു. ബ്രൗണിങ്ങിന്റെ 'ആന്ദ്രിയ ദെൽ സാർറ്റോ' എന്ന കവിതയുടെ പാരായണത്തോടൊപ്പം ചർച്ചയും നീണ്ടപ്പോൾ രണ്ട് പേരും പരിസരം തന്നെ മറന്നു. തിരി താഴ്ത്തി വെച്ചിരുന്ന മേശവിളക്കിലെ എണ്ണ വറ്റി എപ്പോഴോ കെട്ടുപോയി. സംസാരം തുടർന്നേപോയി, സഹൃദയരായ രണ്ടാ

ത്മാക്കൾക്കുമാത്രം സംഭവിക്കുന്ന മാതിരി. ലവണാസുരവധത്തിലെ ഹനൂമാൻ ഇതിനകം തന്റെ സ്രഷ്ടാവിനെക്കൂടി ഒരു വലിയ സ്വാഗതാഖ്യാനത്തിലേക്ക് ചേർത്തിരിക്കണം. രാമായണകഥാപാത്രങ്ങൾക്കൊപ്പം ഇടശ്ശേരിയും ചേർന്ന ആ വലിയ കവിതയുടെ സ്രഷ്ടാവ് രാമകൃഷ്ണൻ മാഷ് തന്നെ എന്നൊരു സങ്കൽപ്പം പിൽക്കാലത്ത് മാഷ് നൽകിയ വിവരണം എനിക്കുണ്ടാക്കി. ഫ്ളോറൻസിലെ കൊട്ടാരത്തിൽ നിന്ന് തന്റെ സ്നേഹിതൻ ആശിച്ചിരുന്ന പേയ്ന്റിങ് സമ്പാദിക്കാൻ കഴിയാഞ്ഞപ്പോൾ ബ്രൗണിങ് ചെയ്തത് ആന്ദ്രിയ ദെൽ സാർറ്റോ എന്ന ആ ചിത്രകാരനെക്കുറിച്ച് കവിത രചിച്ച് സ്നേഹിതന് അയച്ചുകൊടുക്കുകയായിരുന്നല്ലോ.

'ഇപ്പൊ ഇറങ്ങിയാൽ പൊന്നാനിക്കുള്ള ആദ്യത്തെ ബസ്സ് കിട്ടും. വീട്ടിലുണ്ട് ഒരു കൂട്ടം കാര്യങ്ങൾ കാത്ത് കിടക്കുന്നു.' ഇടശ്ശേരി പറഞ്ഞു. അപ്പോഴാണ് മാഷ് ഓർത്തത്. ശരിയാണ്. നേരം വെളുത്തുവരികയാണ്.

മാഷ് ഈ സംഭവം വിവരിച്ചത് മഹാകവി ഇടശ്ശേരിയുടെ വ്യക്തിത്വത്തിലെ സവിശേഷത വിവരിക്കാനായിരുന്നു. എന്നാൽ ആംഗലസാഹിത്യത്തിലെ സ്വന്തം അറിവ് മാതൃഭാഷാപരിപോഷണത്തിന് ഉപയോഗിക്കാനുള്ള താത്പര്യം കാണിച്ച രാമകൃഷ്ണൻ മാഷെ ഞാൻ മനസാ നമസ്കരിച്ചു. സ്വപ്രേയസിയുടെ സ്നേഹപൂർവ്വമായുള്ള പരിചരണത്തിന്റെ അദൃശ്യസാന്നിദ്ധ്യം ആ വിവരണത്തിന് സവിശേഷമായ ഒരു തരളതയുമേൽകിയിരുന്നു.

ആയുസ്സിന്റെ അശീതിയിലേക്ക് പ്രവേശിക്കുന്ന രാമകൃഷ്ണൻ മാസ്റ്റർക്ക് ആയുരാരോഗ്യസൗഖ്യങ്ങൾ നേർന്നു കൊണ്ട് ഈ കുറിപ്പ് അവസാനിപ്പിക്കട്ടെ.